# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 583** **02-12-2014 ലെ മറുപടിയ്ക്ക്**

**ലോട്ടറി മാഫിയകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ ഉദുമ :** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| എ) | ലോട്ടറി മാഫിയകൾ സംസ്ഥാനത്ത് നടത്തുന്ന നിയമലംഘനങ്ങൾക്ക് അറുതി വരുത്താനും ശക്തമായി തടയുന്നതിനും ഉള്ള അധികാരം പൂർണ്ണമായും സംസ്ഥാന സർക്കാരിനുണ്ടോ; എങ്കിൽ വിശദമാക്കാമോ ; | എ) | കേന്ദ്ര ലോട്ടറി നിയമ പ്രകാരം ലോട്ടറി മാഫിയകൾ നടത്തുന്ന നിയമ ലംഘനങ്ങൾ തടയുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടെങ്കിലും നിലവിൽ തീർപ്പു കൽപ്പിക്കുവാനുള്ള നിയമ ലംഘനം സംബന്ധിച്ച കേസ്സുകളിൽ അന്തിമ വിധിവരുന്നതുവരെ നിയമ ലംഘനം നടത്തുന്നവരെ അറസ്റ്റ് ചെയ്യുന്നതും അത്തരക്കാരുടെ സ്ഥാപനങ്ങൾ പരിശോധിക്കുന്നതും ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ സംസ്ഥാനത്തിനനുകൂലമായ വിധി വരുന്ന പക്ഷം നിയമ ലംഘനം നടത്തുന്നവർക്കെതിരെ അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും. |
| ബി) | ഇല്ലെങ്കിൽ അധികാരം നിക്ഷിപ്തമായിരിക്കുന്ന കേന്ദ്ര ഗവൺമെന്റിൽ അത് നിറവേറ്റാൻ സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുമോ ; | ബി) | അനധികൃതലോട്ടറി പ്രവർത്തനങ്ങൾക്കെതിരെ നടപടിസ്വീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിരന്തരം സമ്മർദ്ദം ചെലുത്തി വരുന്നു. |
| സി) | അന്യ സംസ്ഥാന ലോട്ടറി നിരോധിക്കണമെങ്കിൽ സംസ്ഥാനം സ്വന്തം ലോട്ടറിയും നിരോധിക്കണമെന്ന നിലപാട് മുൻ കേന്ദ്ര ഗവൺമെന്റ് സുപ്രീംകോടതിയിൽ സ്വീകരിച്ചതിനെ തുടർന്നുണ്ടായ സുപ്രീം കോടതിയുടെ വിധിയും | സി) | ലോട്ടറി മാഫിയകളുടെ നിയമ ലംഘനങ്ങൾ തടയുന്നതിനും ലോട്ടറി നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നതിനും ഒരു സംസ്ഥാനത്തിന്റെ ഭാഗ്യക്കുറികൾ മറ്റ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിൽ ഒരു ഉഭയകക്ഷി കരാറിൽ ഒപ്പിടേണ്ടതാണെന്നതരത്തിൽ ലോട്ടറി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ |

അതുണ്ടാക്കിയ ലോട്ടറി മാഫിയകൾക്കനുകൂലമായ സാഹചര്യവും മറികടക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ; ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കാൻ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സിക്കിം, ഭൂട്ടാൻ, ലോട്ടറി പ്രമോട്ടർമാർ സംസ്ഥാനത്ത് നടത്തിയ നിയമ ലംഘനങ്ങൾ യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള CBI കേസ്സുകളിൽ അന്തിമ വിധി വരുന്നതുവരെ അന്യ സംസ്ഥാന ലോട്ടറികൾക്ക് കേരളത്തിൽ പ്രവർത്തിക്കുന്നതിന് നിലവിലുള്ള നിരോധനം നീട്ടണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.